LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിലെ വികസന പദ്ധതികൾ

125 [3179] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് കഴിഞ്ഞ സാമ്പത്തിക വർഷം നടത്തിയിട്ടുള്ളത്;

(ബി) ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പുതിയ സാമ്പത്തിക വർഷം എന്തെല്ലാം പദ്ധതികളാണ് അവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റിന്റെ വികസനം, ആശുപത്രി ലാബിന്റെ വികസനം, ക്ലാസ്മുറികൾ പണിയുക, ഡീസൽ ജനറേറ്റർ സ്ഥാപിക്കുക, ആശുപത്രിയുടേയും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ റീവയറിംഗ്, ലൈബ്രറിയ്ക്ക് ഫർണിച്ചർ വാങ്ങുക, കമ്പ്യൂട്ടറൈസേഷൻ, ജലദൗർലഭ്യം പരിഹരിക്കുക, പഠനോപകരണങ്ങൾ വാങ്ങുക എന്നിവയ്ക്കായി 57 ലക്ഷം രൂപ അനുവദിക്കുകയും അവയുടെ പണികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരികയും ചെയ്യുന്നു.

(സി) ആശുപത്രിയുടേയും കോളേജിന്റേയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അദ്ധ്യയന നിലവാരം ഉയർത്തുന്നതിനും ആവശ്യമായ വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കാനുദ്ദേശിക്കുന്നു.

ഔഷധിയുടെ വികസനത്തിന് നടപടികൾ

126 [3180] ശ്രീ. കെ. പി. മോഹനൻ:

,, സി. കെ. നാണു:

,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധിയുടെ വികസനത്തിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഔഷധിയുടെ എത്ര ബ്രാഞ്ചുകളാണ് സംസ്ഥാനത്ത് പുതിയതായി ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഔഷധിക്കുവേണ്ടി സ്വന്തമായി എത്ര ഏക്കർ സ്ഥലത്ത് ഔഷധത്തോട്ടം ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) (1) ഔഷധിയിൽ 2002 മുതൽ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസസ് (ജി.എം.പി.) ചട്ടങ്ങൾ നടപ്പാക്കി.